This Question Paper consists of 34 questions and 6 printed pages.
**ഈ ചോദ്യപേപ്പറിൽ 34 ചോദ്യങ്ങളും, 6 അച്ചടിച്ച പുറങ്ങളും ഉണ്ട്.**

**Roll No.**
**റോൾ നമ്പർ**

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

Code No. / കോഡ് നമ്പർ **64/SS/O/MM**

**SET A**

# MALAYALAM
# മലയാളം
# (343)

Day and Date of Examination ____________________
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ____________________
(മേൽനോട്ടക്കാരന്റെ ഒപ്പ്)

2. ____________________

---

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **64/SS/O/MM-A** എഴുതേണ്ടതാണ്.

# MALAYALAM

# മലയാളം

# (343)

**സമയം : 3 മണിക്കൂർ ]** **[ മാർക്ക് : 100**

**നിർദ്ദേശങ്ങൾ :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(ii) ഒന്നു മുതൽ പത്തുവരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതിയാൽ മതിയാവും.

---

**1.** കൃഷ്ണനെ അമ്മ പീലികൊണ്ട് അടിക്കാൻ കാരണം എന്ത് ? **10x1=10**

(A) വെറ്റില തിന്നു ചൊരുക്കിയതുകൊണ്ട്

(B) പിള്ളേരെ നുള്ളിയതുകൊണ്ട്

(C) കണ്ടിക്കഞ്ചേല മറന്നതുകൊണ്ട്

(D) ഊണിനു വരാതെ നിന്നതുകൊണ്ട്

**2.** ചിറകൊടിഞ്ഞ കാട്ടുപക്ഷിയുടെ ഇരുളിൽ തിളങ്ങുന്ന പാട്ടുകേൾക്കാൻ ആരൊക്കെ ഉണ്ടാവുമെന്നാണ് കവി പറയുന്നത് ?

(A) വിരിവാനവും ഒറ്റച്ചിറകും (B) വെട്ടിയ കുറ്റിയും വിരിവാനവും

(C) നിഴലും പുഴയും (D) ഇണയും കിളിയും

**3.** സുഖാമൃതം സ്വൈരമശിച്ചു ദിവ്യസൗധേ രമിപ്പൂ – ആരെക്കുറിച്ചാണ് കവി ഇങ്ങനെ പറയുന്നത് ?

(A) തൊഴിലാളി വർഗത്തെ (B) മുതലാളി വർഗത്തെ

(C) മനുഷ്യ വർഗത്തെ (D) ഗളിതചേഷ്ടനെ

**4.** ഈശ്വരസ്നേഹം തുടങ്ങേണ്ടത് എവിടെനിന്നാണ് ?

(A) ബ്രഹ്മത്തിൽ നിന്ന് (B) സ്വന്തം വീട്ടിൽനിന്ന്

(C) ഉപനിഷത്തിൽ നിന്ന് (D) അയൽപക്ക സ്നേഹത്തിൽ നിന്ന്

5. ഡോക്ടറുടെ ഏതു വാക്കുകളാണ് മനോജിന്റെ മനസ്സു മാറ്റിയത് ?

(A) പൊറത്തു നിൽക്കണെ ആ പെങ്കുട്ടീടെ കാര്യം ഓർക്കുമ്പോഴും മനോജിന് അതേ സുഖം കിട്ടണുണ്ടോ ?

(B) അപ്പോൾ എല്ലാം പറഞ്ഞതുപോലെ

(C) എല്ലാറ്റിൽ നിന്നും രക്ഷപ്പെടാൻ ഏറ്റവും നല്ല മാർഗം വായനയാണ്

(D) അവൾക്കുവേണ്ടി മാത്രമാണ് ഞാനിപ്പോ ജീവിക്കുന്നത്

6. താഴെ പറയുന്നവയിൽ കൂട് എന്ന് അർത്ഥം വരുന്ന പദം ഏത് ?

(A) നഭസ്സ്     (B) അശ്രുസഞ്ജയം

(C) പഞ്ജരം     (D) ഭൃംഗം

7. അഭിരുചികളെ മാറ്റിമറിക്കാൻ കഴിയുന്നത് ആർക്ക് ?

(A) ദൃശ്യങ്ങൾക്ക്     (B) സാമൂഹിക ക്രമത്തിന്

(C) ബഹുജന മാധ്യമങ്ങൾക്ക്     (D) വർഗീയതയ്ക്ക്

8. പാക്ഹാം എന്ന കൃഷിക്കാരനെ വിഷാദത്തിലാക്കിയത് എന്ത് ?

(A) കച്ചവടക്കാരുടെ വിലപിടിച്ച ഭൂമിയും കെട്ടിടങ്ങളും കണ്ടുണ്ടായ പ്രലോഭനം

(B) ഭൂമിക്ക് വേണ്ടത്ര വില കിട്ടാത്ത അവസ്ഥ

(C) കൃഷിയിൽ ഉണ്ടായ നഷ്ടം

(D) കർഷകരുടെ ദുരവസ്ഥ

9. അയിത്തക്കാരായ സഹോദരങ്ങളോടു കാണിച്ച പാപങ്ങൾക്കുള്ള ശിക്ഷയായി ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെ ?

(A) കോടതിയിലെ സുഹൃത്തുക്കളിൽ നിന്നുണ്ടായ പരിഹാസത്തെ

(B) ഇംഗ്ലീഷ് ക്ഷുരകൻ അദ്ദേഹത്തിന്റെ മുടിവെട്ടാൻ വിസമ്മതിച്ചതിനെ

(C) അലക്കാനുള്ള കഴിവിൽ ഗോഖലെ പ്രകടിപ്പിച്ച അവിശ്വാസം

(D) അലക്കുകാരനെ ഒഴിവാക്കേണ്ടി വന്നതിനെ

10. കൊല്ലിക്കയത്രേ നിനക്കു രസമെടോ എന്ന് കൃഷ്ണനെ വിമർശിക്കുന്നത് ആരുടെ കൊലയെക്കുറിച്ച് പരാമർശിക്കുമ്പോഴാണ് ?

(A) ഭഗദത്തന്റെ     (B) ജയദ്രഥന്റെ

(C) ഭീഷ്മരുടെ     (D) അഭിമന്യുവിന്റെ

11. പകലെല്ലാം പൊത്തും പിടിയും രാവായാൽ കൂടിയിരിപ്പും എന്ന കടങ്കഥയുടെ ഉത്തരമെന്ത് ? 1

12. കർക്കിടകത്തിന്റെ പച്ച രാജാവായി കല്പിച്ചിരിക്കുന്നത് ഏതു ചെടിയെയാണ് ? 1

13. എം.ടി. യുടെ അച്ഛന്റെ വീട്ടിൽ അവസാന നിയന്ത്രണം ആർക്കായിരുന്നു ? 1

14. സുദാമാവിന്റെ പത്നിക്ക് കണ്ണൻ ചെയ്ത ഉപകാരം എന്തായിരുന്നു ? 1

15. അന്തിത്തിരി എന്ന കവിതയിൽ സൂര്യന്റെ അഭ്യർത്ഥന നിറവേറ്റിക്കൊടുത്തത് ആര് ? 1

16. ദരിദ്രന്റെ ശവമടക്കിയ പെട്ടിയോടൊപ്പം പൂവർഷം പെരുമ്പറ എന്നിവയ്ക്കു പകരം ഉണ്ടായിരുന്നത് എന്തെല്ലാമാണ് ? 2

17. അപ്പൻ നാടകരംഗത്ത് പൂർണ്ണമായി മനസ്സർപ്പിക്കാൻ തുടങ്ങിയ സാഹചര്യം എന്തായിരുന്നു ? 2

18. ഗോപാലൻ നായരുടെ കുടുംബത്തിന് അമ്മ പ്രതിബന്ധമാണെന്ന തോന്നൽ ഉണ്ടായത് എപ്പോൾ ? 2

19. ആടിനെ മേയ്ക്കാനുള്ള തീരുമാനത്തെ നാണുക്കുട്ടി സാധൂകരിച്ചത് എങ്ങനെ ? 2

20. സബർമതി ദൂരെയാണെന്ന സന്ദേശം ഗാന്ധിജി നൽകിയ സാഹചര്യം എന്ത് ? 2

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

21. ഒരു കലാകാരനെ സംവിധാനം ചെയ്യുന്ന ശക്തികളായി എം.പി. പോൾ സൂചിപ്പിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക. 3

22. താൻ ഉപവസിക്കുന്നതിന്റെ കാരണമായി കുഞ്ഞാത്തലമ്മ ലക്ഷ്മിയോട് പറഞ്ഞതെന്ത് ? 3

23. ബഹുജന മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ച് മാർഷൽ മക്‌ലൂഹൻ നടത്തുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ? 3

24. അർത്ഥമെത്ര വളരെയുണ്ടാകിലും തൃപ്തിയാകാ മനുഷ്യന്നൊരുകാലം – എന്ന കവിതയിലെ ആശയം ഒരാൾക്ക് എത്ര ഭൂമി വേണം എന്ന കഥയിൽ പ്രതിഫലിക്കുന്നത് എങ്ങനെ ? **3**

25. ലളിത ജീവിതവും സ്വാശ്രയത്വവും ഗാന്ധിജി ശീലിച്ചത് എങ്ങനെ ? **3**

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

26. അമ്മയെ അറിയിക്കാനായി കൃഷ്ണൻ നന്ദഗോപരോട് പറഞ്ഞയച്ചത് എന്തെല്ലാം ? **5**

27. പ്രകൃതിയോട് ഇണങ്ങിയുള്ള കുഞ്ഞുപ്പാത്തുമ്മയുടെ ജീവിതം അവളുടെ നിഷ്കളങ്കത വെളിപ്പെടുത്തുന്നത് എങ്ങനെ ? **5**

28. ഒന്ന്, രണ്ട്, മൂന്ന് എന്ന കവിതയിൽ തെളിയുന്ന ജീവിതാവസ്ഥ വിവരിക്കുക. **5**

29. വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ സൃഷ്ടിയിൽ ഒ.വി. വിജയൻ എത്രത്തോളം വിജയിച്ചിരിക്കുന്നുവെന്ന് വിശദമാക്കുക. **5**

30. പൊതുസമൂഹത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഉതുപ്പാന്റെ കിണർ എന്ന കഥയിൽ കഥാകൃത്ത് വരച്ചുകാട്ടുന്നത് ? **5**

31. യുദ്ധം വരുത്തിവയ്ക്കുന്ന എന്തെല്ലാം ദുരന്തങ്ങളാണ് ഗാന്ധാരീവിലാപത്തിലൂടെ എഴുത്തച്ഛൻ വരച്ചുകാട്ടുന്നത് ? **5**

**രണ്ടു പുറത്തിൽ കവിയാതെ എഴുതുക.**

32. പുരുഷമേധാവിത്വത്തിന്റെ ചരടുകൾ നമ്മുടെ കുടുംബജീവിതത്തിൽ ഇപ്പോഴും മുറുകിയിരിക്കുന്നു എന്ന സൂചനയാണ് ശ്രീഭഗവതി എന്ന കഥ നൽകുന്നത് – ഇതു സംബന്ധിച്ച നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക. **10**

**അല്ലെങ്കിൽ**

സബർമതി ദൂരെയാണ് എന്ന നാടകത്തിൽ ജി. ശങ്കരപ്പിള്ള അവതരിപ്പിക്കുന്ന പ്രശ്നങ്ങൾ ഇന്ത്യൻ സമൂഹത്തിൽ ഇന്നും നിലനില്ക്കുന്നുണ്ടോ ? നാടകം വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക.

33. ഫലിത പരിഹാസങ്ങളിലൂടെയുള്ള കുഞ്ചൻ നമ്പ്യാരുടെ സാമൂഹിക വിമർശനം കാലനില്ലാത്ത കാലം എന്ന കാവ്യഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക. **10**

**അല്ലെങ്കിൽ**

അന്തിത്തിരി എന്ന കവിത നൽകുന്ന സന്ദേശം വിശകലനം ചെയ്യുക.

34. വിട്ടയയ്ക്കുക, മാപ്പ് എന്നീ കവിതകൾ പ്രതിഫലിപ്പിക്കുന്ന സാമൂഹിക - രാഷ്ട്രീയ സാഹചര്യം താരതമ്യം ചെയ്യുക. **10**

**അല്ലെങ്കിൽ**

ഭാഷയോടും സംസ്കാരത്തോടുമുള്ള നമ്മുടെ സമീപനം പൊന്നുരുക്കുകയാണ് പൂച്ചേ എന്ന കഥയിൽ എങ്ങനെയാണ് വിമർശിക്കപ്പെട്ടിരിക്കുന്നത് ?

- o O o -